# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 445. 11.06.2013 ൽ മറുപടിയ്ക്ക്.

**ഹെൽമറ്റ് ധരിക്കാതെ വാഹനമോടിക്കുന്നവരിൽ നിന്നും പിഴ**

| ചോദ്യം<br>ശ്രീ. പി. കെ. ബഷീർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) ഹെൽമറ്റ് ധരിക്കാതെ വാഹനമോടിക്കുന്നവരിൽ നിന്നും നിയമലംഘനത്തിന് മുൻഗണന നൽകി പിഴ ഈടാക്കുന്നതിന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) ഇല്ലെങ്കിൽ മദ്യപിച്ച് വാഹനമോടിക്കുന്നത് കൈയ്യോടെ പിടികൂടുന്നതിനെക്കാൾ ശുഷ്കാന്തിയോടെ നിരപരാധികളുടെ വാഹന നമ്പർ നോട്ട് ചെയ്ത് നോട്ടീസ് അയയ്ക്കുന്ന കാര്യം അറിവുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മദ്യപിച്ച് വാഹനമോടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്. |
| (സി) ഹെൽമറ്റ് ധരിക്കാത്തവരെ കൂടുതലായി പിടികൂടുന്നതിന് പോലീസുകാർക്കോ, മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർക്കോ പ്രത്യേക പാരിതോഷികം ഗതാഗത വകുപ്പ് നൽകുന്നുണ്ടോ ; നൽകുമെന്ന് അറിയിച്ചിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) ഇല്ലെങ്കിൽ വൻ ട്രാഫിക്ക് ലംഘനങ്ങൾ നടത്തുന്ന കുറ്റവാളികളെ പിടികൂടുന്നതിന് മുന്തിയ പരിഗണന നൽകുമോ? | (ഡി) | നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.